06/12/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/12/2025

1. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര ക്രിസ്മസ് ട്രീകൾ ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം – 300 രൂപയും, തുജ – രണ്ട് വർഷം പ്രായമായത് – 500 രൂപയും, അരക്കേറിയ – നാലടി ഉയരം – 400 രൂപ എന്നീ നിരക്കിലാണ് വില്പനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. **എറണാകുളം ജില്ലയിൽ** ആലുവ സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471192, ഒക്കൽ സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471193, വൈറ്റില കോക്കനട്ട് നഴ്സറി, ഫോൺ നമ്പർ 9383471194, ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, നേര്യമംഗലം ഫോൺ നമ്പർ 9383479915. **തൃശ്ശൂർ ജില്ലയിൽ** ചേലക്കര ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ഫോൺ നമ്പർ 9383471433, കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471427, എടത്തുരുത്തി സ്റ്റേറ്റ് സീഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം, ഫോൺ നമ്പർ 9383471431, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471426 എന്നീ ഫാമുകളിൽ ലഭ്യമാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാര്ക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' കയറി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2025 ഡിസംബർ 15. 2026 ജനുവരി 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ 150 രൂപ നിരക്കിൽ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർ രാവിലെ 10 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്- കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് -കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ 2 കിലോ ആകുമ്പോൾ ഇറച്ചികോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമയത്ത് 9495000922, 0471 –2468585 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് 16.12.25 മുതൽ 20.12.25 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 08.12.2025 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"നഴ്സറി പരിപാലനവും സസ്യപ്രവർദ്ധനരീതികളും"** (ബഡിംഗ് & ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ 2025 ഡിസംബർ 15ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id – kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഷീറ്റ്റബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ഡിസംബർ 08, 09 തീയതികളിൽ പരിശീലനം നടത്തുന്നു.** റബ്ബർപാൽ സംഭരണം, ഷീറ്റ്റബ്ബർനിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺ നമ്പരുകളിലോ 04812353201

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – **training@rubberboard.org.in**.

8. **കാർഷിക നിർദേശം**

നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ജലസേചനത്തിന് ഗണ്യമായ പങ്കുണ്ട്. ജലസേചനം കൊണ്ടുള്ള പ്രയോജനം നന തുടങ്ങി രണ്ടുകൊല്ലം മുതൽ പ്രകടമാകും. തൈതെങ്ങുകൾ പെട്ടെന്ന്കായ്ഫലം തരുന്നതിനും, പൂങ്കുലകളിൽ കൂടുതൽ പെൺപൂക്കൾ ഉണ്ടാവുന്നതിനും, മച്ചിങ്ങ പൊഴിച്ചിൽ നിയന്ത്രിക്കുന്നതിനും, നാളീകേരത്തിന്റെ വലിപ്പം കൂട്ടുന്നതിനും ജലസേചനം കൊണ്ട്കഴിയും. ഒരിക്കൽ നന ആരംഭിച്ചാൽ ആ തോട്ടത്തിൽ തുടർന്ന് എല്ലാവർഷവും നനയ്ക്കുവാൻ ശ്രദ്ധിക്കണം. നനയുള്ള തെങ്ങുകൾക്ക്കൂടുതൽ തവണകളായി വളം ചേർക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം